## ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടറുടെ (അഡ്മിനിസ്ട്രേഷൻ & ട്രെയിനിംഗ്) നടപടിക്രമം

വിഷയം:-ആരോഗ്യവകുപ്പ്-സേവനകാര്യം- 01/01/2009 മുതൽ 31/12/2013 വരെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്

സൂചന-ഈ ഓഫീസ് ഉത്തരവ് നം. ഇ.എസ്3-59191/2014/അ.വ.ഡ തീയതി 16/09/2015

### ഉത്തരവ് നം. ഇ.എസ്3- 59191/2014/അ.വ.ഡ തീയതി 13/01/2016

01/01/2009 മുതൽ 31/12/2013 വരെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ കരട് സീനിയോറിട്ടി പട്ടിക സൂചന ഉത്തരവ് മുഖേന പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൻമേൽ ബന്ധപ്പെട്ട ജീവനക്കാർക്ക് ഏന്തെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിൽ അവ സമർപ്പിക്കുന്നതിന് അവസരവും നൽകിയിരുന്നു. അപ്രകാരം ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് പരിഗണനാർഹമായവ പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 01/01/2009 മുതൽ 31/12/2013 വരെ സർവ്വീസിൽ പ്രവേശിച്ച ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി പട്ടിക ഇതോടൊപ്പം അനുബന്ധം-എ ആയി പ്രസിദ്ധീകരിക്കുന്നു.

സീനിയോറിട്ടി നിർണ്ണയം സംബന്ധിച്ച കേരള സർവ്വീസ് ചട്ടങ്ങളിലെയും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പി.എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർക്ക് പി.എസ്.സി. നിയമനശുപാർശ തീയതിയുടെ അടിസ്ഥാനത്തിലും, ആശ്രിതനിയമനം/മറ്റു നിയമനം മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർക്ക് നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെ തീയതിയുടെ അടിസ്ഥാനത്തിലും, ഒരു ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശേഷം മറ്റൊരു ജില്ലയിൽ പി.എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർക്ക് രണ്ടാം പി.എസ്.സി. നിയമനശുപാർശ തീയതിയുടെ അടിസ്ഥാനത്തിലും, ജോലിയിൽ പ്രവേശിക്കുവാൻ നിയമന ഉത്തരവ് തീയതി മുതൽ 90 ദിവസത്തിലധികം സമയദൈർഘ്യം എടുത്തിട്ടുള്ളവർക്ക്

ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലും, നിയമന തസ്തികയിൽ അന്തർജില്ലാ സ്ഥലം മാറ്റം നേടിയിട്ടുള്ളവർക്ക് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലും, പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കും മുൻപ് കെ.എസ്. ആർ അനുബന്ധം 12-എ, 12-ബി, 12-സി എന്നിവ പ്രകാരം ദീർഘകാല അവധിയിൽ പ്രവേശിച്ചവരെ അവധിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ചവരായി കണക്കാക്കിക്കൊണ്ടുമാണ് സീനിയോറിട്ടി സ്ഥാനനിർണ്ണയം നടത്തിയിട്ടുള്ളത്.

ആരോഗ്യ സേവന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന അന്തിമ സീനിയോറിട്ടി പട്ടികയുടെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ജീവനക്കാർക്കും മറ്റ് അധികാരികൾക്കും ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
**ഡോ. കെ.നാരായണ നായിക്ക്**
**അഡിഷണൽ ഡയറക്ടർ (A &T)**

സ്വീകർത്താക്കൾ-ബന്ധപ്പെട്ട ജീവനക്കാർ (ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്- 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വെബ്സൈറ്റ് മുഖാന്തിരം)
2) ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് www.dhs.kerala.gov.in
3) ഇ.ഇ.4 സെക്ഷൻ
4) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്